2024 AUGUST
30
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## അംബാനിയെ പിന്തള്ളി അദാനി വീണ്ടും ഇന്ത്യയിലെ സമ്പന്നൻ;ഗൗതം അദാനി



**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയെ പിന്തള്ളി അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി വീണ്ടും ഇന്ത്യയിലെ ഏറ്റവും സമ്പന്നൻ എന്ന നേട്ടം സ്വന്തമാക്കി. ഹുറൂൺ ഇന്ത്യ സമ്പന്ന പട്ടികയിലാണ് 11.6 ലക്ഷം കോടി രൂപ ആസ്തിയുമായി ഗൗതം അദാനിയും കുടുംബവും ഒന്നാം സ്ഥാനത്തേക്ക് കയറിയത്. 2024 ജൂലൈ 31 വരെയുള്ള കണക്കുകൾ പ്രകാരമാണ് ഹുറൂൺ പട്ടിക തയാറാക്കിയത്. 10.14 ലക്ഷം കോടി രൂപ ആസ്തിയുമായി മുകേഷ് അംബാനിയും കുടുംബവും രണ്ടാമതാണ്.

ഒരു വർഷത്തിനിടെ അദാനി കുടുംബത്തിന്റെ ആസ്തിയിൽ 95% വളർച്ചയുണ്ടായി. അംബാനി കുടുംബത്തിന്റെ ആസ്തി വളർച്ച 25%. എച്ച്സിഎൽ ഗ്രൂപ്പ് സാരഥി ശിവ് നാടാരും കുടുംബവുമാണ് 3.14 ലക്ഷം കോടി രൂപ ആസ്തിയുമായി മൂന്നാം സ്ഥാനത്ത്. സീറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ മേധാവി സൈറസ് എസ്.പൂനാവാലയും കുടുംബവുമാണ് 2.89 ലക്ഷം കോടിയുമായി നാലാംസ്ഥാനത്തുള്ളത്. സൺ ഫാർമ മേധാവി ദിലീപ് സാങ്‌വി (2.49 ലക്ഷം കോടി രൂപ), ആദിത്യ ബിർല ഗ്രൂപ്പ് മേധാവി കുമാർ മംഗളം ബിർലയും കുടുംബവും (2.35 ലക്ഷം കോടി രൂപ), ഹിന്ദുജ ഗ്രൂപ്പിലെ ഗോപിചന്ദ് ഹിന്ദുജയും കുടുംബവും (1.92 ലക്ഷം കോടി രൂപ), അവന്യു സൂപ്പർമാർട്ട് സാരഥി രാധാകിഷൻ ധമാനിയും കുടുംബവും (1.90 ലക്ഷം കോടി രൂപ), വിപ്രോ മേധാവി അസിം പ്രേംജിയും കുടുംബവും (1.90 ലക്ഷം കോടി രൂപ), ബജാജ് ഗ്രൂപ്പിലെ നിരജ് ബജാജും കുടുംബവും (1.62 ലക്ഷം കോടി രൂപ) എന്നിവരാണ് ആദ്യ പത്തിലുള്ള മറ്റ് ശതകോടീശ്വരന്മാർ.

ഷാറുഖ് ഖാൻ ആദ്യമായി ഹുറൂൺ പട്ടികയിൽ ഇടം നേടിയെന്ന പ്രത്യേകതയുണ്ട്. അൻപത്തിയെട്ടുകാരനായ ഷാറുഖ് ഖാന്റെ ആസ്തി 7,300 കോടി രൂപയാണെന്ന് പട്ടിക വ്യക്തമാക്കുന്നു. ഐപിഎൽ ടീമായ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, റെഡ് ചില്ലീസ് എന്റർടെയ്ൻമെന്റ് എന്നിവയുടെ ഉടമസ്ഥനെന്ന നിലയിൽ ആസ്തിയിലുണ്ടായ വർധന ഖാന് നേട്ടമായി.

## ബയോ ഇ3 നയം : തുറക്കുന്നത് വൻ നിക്ഷേപ സാധ്യത



**കൊച്ചി:** കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ബയോ ഇ3 നയം വഴി ബയോ സാമ്പത്തിക മേഖലയിലേക്ക് എത്തുന്നത് വൻതോതിലുള്ള നിക്ഷേപ സാധ്യതകളും നൂതനത്വ അവസരങ്ങളുമാണെന്ന് ശാസ്ത്രസമൂഹം അഭിപ്രായപ്പെട്ടു. 2030 ആകുമ്പോഴേക്കും ഈ മേഖല 25 ലക്ഷം കോടി രൂപയുടെ വളർച്ച നേടുമെന്നും രാജീവ്ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ആർജിസിബി) നടത്തിയ ചർച്ചയിൽ വിദഗ്ധർ ചൂണ്ടിക്കാട്ടി.ബയോ ഇ3 നയം കേരളത്തിൽ നടപ്പാക്കാൻ ആർജസിബി മുൻകയ്യെടുക്കുമെന്ന് ഡയറക്ടർ ചന്ദ്രഭാസ് നാരായണ അറിയിച്ചു. പരിസ്ഥിതി, സമ്പദ് വ്യവസ്ഥ, തൊഴിലവസരം എന്നിവയിലൂന്നിയാണ് നയം രൂപീകരിച്ചത്.2014 ൽ 84,000 കോടി രൂപയായിരുന്നു ഈ മേഖലയുടെ സംഭാവന. എന്നാൽ അത് 2024 ൽ പത്ത് ലക്ഷം കോടി രൂപയുടെതായി മാറി. പുതിയ നയം പ്രാബല്യത്തിൽ വരുമ്പോൾ അത് 25 ലക്ഷം കോടി രൂപയുടേതായി മാറുമെന്നാണ് കണക്ക് കൂട്ടൽ.

കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പിലെ ടിടിഐ മേധാവി പ്രവീൺ റോയി, സയൻറിസ്റ്റുകളായ പ്രമോദ് എസ്, ശാർദൂൽ റാവു, ആർജിസിബി സീനിയർ സയൻറിസ്റ്റ് ഡോ. സന്തോഷ് കുമാർ, ബയോനെസ്റ്റ് സിഇഒ ഡോ. കെ അമ്പാടി, വിവിധ സ്റ്റാർട്ടപ്പ് പ്രതിനിധികൾ തുടങ്ങിയവരാണ് കൊച്ചിയിലെ ആർജിസിബിയുടെ സ്റ്റാർട്ടപ്പ് ഇൻകുബേറ്ററായ ക്രിബ്സ് ബയോനെസ്റ്റിൽ നടത്തിയ ചർച്ചയിൽ പങ്കെടുത്തത്.

# ഇന്ന് അതിശക്തമായ മഴ; 11 ജില്ലകളിൽ മുന്നറിയിപ്പ്

## വയനാട് പ്രത്യേക ജാഗ്രതാ നിർദ്ദേശം



**തിരുവനന്തപുരം:** സംസ്ഥാനത്ത് ഇന്ന് അതിശക്തമായ മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. 11 ജില്ലകളിലാണ് ഇന്ന് മഴ മുന്നറിയിപ്പ് പ്രഖ്യാപിച്ചിട്ടുള്ളത്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ടാണ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, ജില്ലകളിൽ യെലോ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. കോട്ടയത്തു പുലർച്ചെ മുതൽ മഴയാണ്.

രാവിലെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ ഇടത്തരം മഴയ്ക്കും മണിക്കൂറിൽ 40 കിലോമീറ്ററിൽ താഴെവരെ വേഗതയിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മറ്റു ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഓറഞ്ച് അലർട്ട് പുറപ്പെടുവിച്ചതോടെ വയനാട്ടിൽ ഇന്ന് പ്രത്യേക ജാഗ്രതാ നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരും വെള്ളം കയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരും ജാഗ്രത പാലിക്കണമെന്നാണ് ജില്ലാ ഭരണകൂടത്തിന്റെ നിർദേശം.

## എഐ ഇനി എല്ലാവരിലേക്കും ; ജിയോ ബ്രെയിൻ വിഷൻ പങ്കുവെച്ച് മുകേഷ് അംബാനി

**മുംബൈ:**നിർമിത ബുദ്ധി (എഐആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ജനാധിപത്യവൽക്കരിക്കുന്ന വമ്പൻ പദ്ധതിയുമായി റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്. 'എഐ എല്ലായിടത്തും എല്ലാവർക്കു വേണ്ടിയും' എന്ന സന്ദേശത്തോടെയാണ് പുതിയ പദ്ധതിക്ക് റിലയൻസ് തുടക്കമിടുന്നത്. ഇതുസംബന്ധിച്ച വിഷൻ റിലയൻസിന്റെ 47ാമത് വാർഷിക പൊതു യോഗത്തിൽ കമ്പനിയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മുകേഷ് അംബാനി ഓഹരി ഉടമകളുമായി പങ്കിട്ടു. എഐ ലൈഫ്സൈക്കിളിന്റെ സമഗ്രവശങ്ങളും സ്പർശിക്കുന്ന അത്യാധുനിക സങ്കേതങ്ങളും പ്ലാറ്റ്ഫോമുകളുമാണ് ജിയോ വികസിപ്പിച്ചുവരുന്നതെന്ന് അംബാനി വ്യക്തമാക്കി. ജിയോ ബ്രെയിൻ എന്നാണ് റിലയൻസ് ഇതിന് പേര് നൽകിയരിക്കുന്നത്. റിലയൻസിനുള്ളിൽ ജിയോ ബ്രെയിൻ പരീക്ഷിച്ച് വിജയിപ്പിച്ച ശേഷം, മികച്ച എഐ സേവനമെന്ന നിലയിൽ രാജ്യത്തെ മറ്റ് കമ്പനികൾക്കും അത് ലഭ്യമാക്കാനാണ് അംബാനിയുടെ പദ്ധതി. ഇന്ത്യയിലെ എല്ലാവർക്കും ഏറ്റവും താങ്ങാനാവുന്ന വിലയിൽ ശക്തമായ എഐ മോഡലുകളും സേവനങ്ങളും വികസിപ്പിക്കുന്നതിന്, യഥാർത്ഥ ദേശീയ എഐ ഇൻഫ്രാസ്ട്രക്ചറിനുള്ള അടിത്തറ പാകുകയാണ് ജിയോയെന്ന്മുകേഷ് അംബാനി പറഞ്ഞു. ജിഗാവാട്ട് തലത്തിലുള്ള എഐറെഡി ഡാറ്റാ സെന്ററുകൾ ജാംനഗറിൽ സ്ഥാപിക്കാൻ പദ്ധതിയിടുകയാണ്. പൂർണ്ണമായും റിലയൻസിന്റെ ഗ്രീൻ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്നതായിരിക്കുമിത്. അതിനാൽ സുസ്ഥിര വികസനത്തോടും ഹരിത ഭാവിക്കുമുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ പ്രതിഫലിപ്പിക്കുന്നതു കൂടിയാണതെന്നും അംബാനി പറഞ്ഞു.

കണക്റ്റഡ് ഇന്റലിജൻസ് ഉപയോഗിച്ച് എല്ലാവരിലേക്കും എഐ എത്തിക്കുന്നതിന് ജിയോ എഐ ക്ലൗഡ് വെൽക്കം ഓഫറും അംബാനി പ്രഖ്യാപിച്ചു. എല്ലാ ഡിജിറ്റൽ ഉള്ളടക്കങ്ങളും ഡാറ്റയും സുരക്ഷിതമായി സംഭരിക്കാനും ആക്സസ് ചെയ്യാനും 100 ജിബി വരെ സൗജന്യ ക്ലൗഡ് സ്റ്റോറേജ് ലഭ്യമാകും.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA
(5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY




വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന ഗണേശോത്സവം സംബന്ധിച്ച് വിഎച്ച്പി സംസ്ഥാന കാര്യാലയത്തിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് വിജി തമ്പി വിശദീകരിക്കുന്നു. വി. ശ്രീകുമാർ, പ്രശാന്ത് വർമ്മ തുടങ്ങിയവർ സമീപം

## വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ

# ഗണേശോത്സവം സെപ്റ്റംബർ 7 മുതൽ 11 വരെ

**കൊച്ചി :** ആദ്ധ്യാത്മീകതയിലൂടെ നവകേരള സൃഷ്ടി എന്ന വിശ്വഹിന്ദു പരിഷത്തിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി സെപ്റ്റംബർ 7 മുതൽ 11 വരെ വിഎച്ച്പി സംസ്ഥാനത്തുടനീളം വിവിധ പരിപാടികളോടെ ഗണേശോത്സവം സംഘടിപ്പിക്കും.

സംസ്ഥാനത്തെ ആയിരം പൊതു ഇടങ്ങളിലും 10 ലക്ഷം ഭവനങ്ങളിലും ഗണേശ വിഗ്രഹ പ്രതിഷ്ഠ നടത്തും. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അതിവിപുലമായ ആഘോഷം ഉണ്ടാവില്ലെന്ന് വിശ്വഹിന്ദു പരിഷത്ത സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, സംസ്ഥാന ട്രഷറർ വി.ശ്രീകുമാർ, ഗണേശോത്സവ പരിഷത്ത് ജനറൽ കൺവീനർ പ്രശാന്ത് വർമ്മ എന്നിവർ കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. എറണാകുളം ജില്ലയിൽ നിശ്ചയിക്കപ്പെട്ട 100 സ്ഥലങ്ങളിൽ ഗണേശ വിഗ്രഹ പ്രതിഷ്ഠ നടത്തി ഗണപതി ഹോമം, സത്സംഗം, ഭജന, മഹാആരതി, ആധ്യാത്മിക സമ്മേളനങ്ങൾ എന്നിവ നടത്തും.

തൃപ്പൂണിത്തുറ, മരട്, പള്ളുരുത്തി, കൊച്ചി, വൈപ്പിൻ, എറണാകുളം, ഇടപ്പള്ളി, തൃക്കാക്കര, എന്നീ നഗരങ്ങളിൽ നിന്ന് പൂജ നടത്തിയ ഗണേശ വിഗ്രഹങ്ങൾ ചെറുയാത്രകൾ ആയി സെപ്റ്റംബർ 11 ഉച്ചകഴിഞ്ഞ് മൂന്നിന് കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ എത്തിച്ചേരും. തുടർന്ന് ബൈക്കുകളുടെയും വാഹനങ്ങളുടെയും അകമ്പടിയോടെ പുതുവൈപ്പ് അയോധ്യപുരം ശ്രീരാമക്ഷേത്രത്തിൽ എത്തുന്ന ഗണേശ വിഗ്രഹങ്ങൾ പൂജാവിധികളോടെ പുതുവൈപ്പ് ബീച്ചിലെ ആറാട്ടുകടവിൽ നിമഞ്ജനം ചെയ്യുമെന്ന് ഭാരവാഹികൾ പറഞ്ഞു. ചോറ്റാനിക്കരയിൽ നിന്നുള്ള ഘോഷയാത്ര പിറവം പാഴൂരിൽ നിമഞ്ജനം ചെയ്യും. ഗണേശോത്സവത്തിന്റെ ഭാഗമായി സെപ്റ്റംബർ ഒന്നിന് പാവക്കുളം ക്ഷേത്രത്തിൽ കുട്ടികൾക്ക് ചിത്രരചന മത്സരം സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുന്ന ഗണേശ വഗ്രഹത്തിൽ ഭക്തർക്ക് നേരിട്ട് ആരതി ചെയ്യുവാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ടെന്ന് ഭാരവാഹികൾ അറിയിച്ചു.

# മലേക്കുരിശ് ദയറായിൽ ശ്രാദ്ധപ്പെരുന്നാൾ നാളെ മുതൽ

**കോലഞ്ചേരി:** ശ്രേഷ്ഠ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ ശ്രാദ്ധപ്പെരുന്നാളിന് ഒരുക്കങ്ങൾ പൂർത്തിയായതായി ദയറാധിപൻ കുരിയാക്കോസ് മാർ ദിയസ്ക്കോറസ് മെത്രാപ്പോലീത്ത വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ബാവയുടെ 28ാമത് ശ്രാദ്ധപ്പെരുന്നാൾ ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 2 വരെ മലേക്കുരിശ് ദയറായിൽ നടക്കും. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പെരുന്നാളിന്റെ കൊടി ഉയർത്തി. വിശ്വാസികൾ സമർപ്പിക്കുന്ന അരി, നാളികേരം, ശർക്കര, വെളിച്ചെണ്ണ, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ എന്നിവ ഉപയോഗിച്ചാണ് ഇരുപതിനായിരം പേർക്കുള്ള ശ്രാദ്ധസദ്യ ക്രമീകരിക്കുന്നത്. ശനിയാഴ്ച രാവിലെ 7.30 ന് അബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാനയും, കബറിങ്കൽ ധൂപപ്രാർത്ഥനയും നടക്കും. വൈകിട്ട് 5 ന് വിവിധ ദൈവാലയങ്ങളിൽ നിന്ന് കബറിങ്കലേക്ക് കാൽനടയായി വരുന്ന തീർത്ഥാടകർക്ക് ദയറായിൽ സ്വീകരണം, 6ന് സന്ധ്യാപ്രാർത്ഥന, 7ന് അനുസ്മരണ പ്രഭാഷണം, അവാർഡ് ദാനം, 9ന് അത്താഴസദ്യ എന്നിവയും നടക്കും. രാത്രി 9.30 ന് കബറിങ്കൽ അഖണ്ഡ പ്രാർത്ഥന. ഞായറാഴ്ച രാവിലെ 6ന് വി.കുർബ്ബാന, 8.30 ന് സഖറിയാസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മീകത്വത്തിൽ വി.മൂന്നിന്മേൽ കുർബ്ബാനയും, തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടാകും. ഉച്ചയ്ക്ക് 1.30 ന് ശ്രേഷ്ഠ ബാവാ തിരുമേനിയുടെ കബറിങ്കൽ നിന്നും മുളന്തുരുത്തി മാർത്തോമൻ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പരി. യൂയാക്കീം മോർ കൂറീലോസ് ബാവായുടെ കബറിങ്കലേക്ക് തീർത്ഥയാത്ര പുറപ്പെടും. ഫാ. കുര്യൻ പോൾ തൊഴുപ്പാടൻ, ഫാ. ബാബു ടി. ഏലിയാസ്, ഫാ. രാജു കൊളാപ്പുറത്ത്, ഫാ. കുര്യാക്കോസ് കണിയത്ത് കോർ എപ്പിസ്കോപ്പ, ഫാ. ഗീവർഗീസ് പുല്ലന്തൂർ, ഫാ. ബേസിൽ കേറമ്പേൽ, ദയറാ ഭാരവാഹികളായ പൗലോസ് കോനാട്ട്, പോൾ വി. തോമസ്, പോൾ തൊഴുപ്പാടാൻ, ജോസഫ് മുണ്ടിയത്ത്, മനോജ് കാരക്കാട്ട്, പൗലോസ് ചേലാമടം തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# അഖില കേരള മാരാർ ക്ഷേമസഭ സംസ്ഥാന സമ്മേളനം

**ആലുവ:** അഖില കേരള മാരാർ ക്ഷേമസഭയുടെ 38ാമത് സംസ്ഥാന സമ്മേളനം 'വാദിത്രം 2024' സെപ്റ്റംബർ ഒന്നിന് ആലുവയിൽ നടക്കും. സഭയുടെ പരമോന്നത പുരസ്കാരങ്ങളായ വാദിത്രരത്നം, സോപാന രത്നം, കർമ്മ ശേഷ്ഠ, കലാചാര്യ തുടങ്ങിയ പുരസ്കാരങ്ങൾ യോഗത്തിൽ സമ്മാനിക്കുമെന്ന് മാരാർ ക്ഷേമ സഭ സംസ്ഥാന സെക്രട്ടറി ബി. രാധാകൃഷ്ണപ്പണിക്കർ, ജില്ലാ പ്രസിഡന്റ് സി.ജി.ജയകൃഷ്ണ മാരാർ എന്നിവർ ആലുവയിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ആലുവ ടൗൺ ഹാളിൽ ചോറ്റാനിക്കര നാരായണ മാരാർ നഗറിൽ ഞായറാഴ്ച രാവിലെ സംസ്ഥാന പ്രസിഡന്റ് എൻ.ഇ. ഭാസ്ക്കര മാരാർ പതാക ഉയർത്തും. തുടർന്ന് 10 ന് പ്രതിനിധി സമ്മേളനവും വിവിധ കലാ പരിപാടികളും അരങ്ങേറും. .ഉച്ചതിരിഞ്ഞ് 2.30 ന് നടക്കുന്ന വാർഷിക സമ്മേളനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. മുൻ സംസ്ഥാന സെക്രട്ടറി എസ്. സദാശിവ മാരാർ മുഖ്യപ്രഭാഷണം നടത്തും. കേരള സംഗീത നാടക അക്കാദമി അധ്യക്ഷൻ കൂടിയായ പ്രമുഖ വാദ്യ കലാകരൻ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർക്ക് ഇക്കൊല്ലത്തെ വാദിത്ര രത്നം പുരസ്കാരം മന്ത്രി സമ്മാനിക്കും. സഭയുടെ സോപാന രത്നം പുരസ്കാരം പി.വി രാജേന്ദ്രൻ കാസർ കോടിന് പെരുവനം കുട്ടൻ മാരാരും, കർമ്മ ശ്രേഷ്ഠ പുരസ്കാരം സംസ്ഥാന ജനറൽ സെക്രട്ടറി ആർ വേലായുധ മാരാർക്ക് മട്ടന്നൂർ ശങ്കരൻ കുട്ടി മാരാരും സമ്മാനിക്കും. സഭയുടെ കലാചാര്യ പുരസ്കാരങ്ങൾ അഞ്ച് പ്രമുഖ ക്ഷേത്ര വാദ്യ കലാകാരന്മാർക്ക് യോഗത്തിൽ സമ്മാനിക്കും . മാരാർ ക്ഷേമ സഭയുടെ മുഖ പത്രമായ സോപാനധ്വനി ഉപദേശക സമിതിയംഗം കെ.കെ.വിശ്വനാഥൻ, സ്വാഗത സംഘം ജോയിന്റ് സെക്രട്ടറി വി. ശ്രീലേഖ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു




# ലയൺസ് ക്ലബ്ബ് സൗജന്യ നേത്ര, ദന്തൽ ക്യാമ്പ് സംഘടിപ്പിച്ചു

**കോലഞ്ചേരി:** ലയൺസ് ക്ലബ്ബിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി കോലഞ്ചേരി ലയൺസ് ക്ലബ്ബ് സൗജന്യ നേത്ര/ദന്തൽ ക്യാമ്പ് സംഘടിപ്പിച്ചു.കാലടി ശ്രീ ഭവാനി ഫൗണ്ടേഷന്റെയും അമൃത ഹോസ്പ്പിറ്റലിന്റെയും സഹകരണത്തോടെയുമാണ് ക്യാമ്പ് സംഘടിപ്പിച്ചു.കോലഞ്ചേരി ക്ലബ്ബ് സെന്ററിൽ വച്ച് നടന്ന ക്യാമ്പ് ലയൺസ് ക്ലബ്ബ് ഡിസ്ട്രിക്ട് സെക്രട്ടറി ബേബി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു.വിദഗ്ധരായ ഡോക്ടറ്!മാരുടെയും മെഡിക്കൽ സംഘത്തിന്റെയും നേ!ത!ൃത്തിലാണ് ക്യാമ്പ് പ്രവർത്തിച്ചത്.ക്യാമ്പിൽ പങ്കെടുത്തവർക്ക് തിമിര,ദന്തരോഗ ചികിത്സകൾ പൂർണ്ണമായും സൗജന്യമാണ്. ക്ലബ്ബ് പ്രസിഡന്റ് അജിത് പോൾ,സെക്രട്ടറി ടിവി യോഹന്നാൽ റീജയണൽ ചെയർമാൻ സജി ചെമ്മേലിൽ,സോൺ ചെയർമാൻ ബാബു എം എം,ശ്രീകുമാർ നെടുമ്പാശ്ശേരി,ഡോ.വിജയകുമാർ തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

# ദേശീയ സ്പോർട്സ് ഡേ: സൗഹൃദ ക്രിക്കറ്റ് സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം പ്രസ്ക്ലബ്ബും സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സംയുക്തമായി ദേശീയ സ്പോർട്സ് ദിനം ആഘോഷിച്ചു. ഇതോടനുബന്ധിച്ച് കലൂർ ഡിഎൻഎ ഇൻഡോർ അറീനയിൽ എറണാകുളം പ്രസ് ക്ലബ്ബ് ടീമായ കൊച്ചിൻ ഹീറോസും, ലിറ്റിൽ പീപ്പിൾസ് സ്പോർട്സ് ക്ലബ്ബും തമ്മിൽ സൗഹൃദ ക്രിക്കറ്റ് മത്സരവും സംഘടിപ്പിച്ചു. ചടങ്ങിൽ എറണാകുളം പ്രസ്ക്ലബ്ബ് സെക്രട്ടറി എം.ഷജിൽകുമാർ, എസ്എംആർഐ ഫൗണ്ടർ സിജിൻ ബി.ടി എന്നിവർ സംസാരിച്ചു.

പ്രസ് ക്ലബ്ബ് ട്രഷറർ അഷ്റഫ് തൈവളപ്പ്, എക്സിക്യൂട്ടീവ് അംഗം ശ്രീകാന്ത് മണിമല, ലിറ്റിൽ പീപ്പിൾസ് സ്പോർട്സ് ക്ലബ്ബ് സ്ഥാപകൻ കെ.കെ റാഷിദ്, ലബീബ് കെ സംബന്ധിച്ചു. എസ്എംആർഐ ഓപ്പറേഷൻ ഹെഡ് സെറീന വിജയികൾക്ക് ഉപഹാരം സമ്മാനിച്ചു.

# പുൾകിറ്റ് ലാബ് ഓൺ വീൽസ് കേരളത്തിൽ

**കൊച്ചി:** സ്റ്റീൽ വ്യവസായത്തിലെ പ്രമുഖ ബ്രാൻഡായ പുൾകിറ്റ് ടി എംടി പദ്ധതിയായ 'ലാബ് ഓൺ വീൽസ്' കേരളത്തിൽ അവതരിപ്പിച്ചു. ഉപഭോക്താക്കൾ, ബിൽഡർമാർ, ഡീലർമാർ തുടങ്ങിയവർക്ക് ടിഎംടി ബാറുകളുടെ ഗുണമേന്മാ പരിശോധന ഇനി വാതിൽപ്പടിയിൽ ലഭ്യമാകും. കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു സംവിധാനം നിലവിൽ വരുന്നത്.ടിഎംടി ബാറുകളുടെ സവിശേഷതകളും ഗുണമേന്മയും കൃത്യമായും വേഗത്തിലും അറിയാൻ കഴിയുന്ന അത്യാധുനിക പരിശോധനാ ഉപകരണങ്ങൾ ഉൾപ്പെട്ടതാണ് പുൾകിറ്റ് 'ലാബ് ഓൺ വീൽസ്'. ഉപഭോക്താക്കൾ തെരഞ്ഞെടുത്ത സ്റ്റീൽ ഗുണമേന്മയുള്ളതാണോയെന്ന് പരിശോധിക്കാൻ പരിശോധനാ വാൻ സ്ഥലത്തെത്തിച്ചാൽ മാത്രം മതിയാകും.




നിർമാണങ്ങളിൽ ഉയർന്ന ഗുണമേന്മയുള്ള ടിഎംടി ബാറുകൾ മാത്രം ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്താനും ഉപഭോക്താക്കളിൽ അവബോധം ഉണ്ടാക്കുന്നതിനുമായാണ് ഇത്തരമൊരു പരിശോധനാ സൗകര്യം ഏർപ്പെടുത്തിയത്.പുൾകിറ്റ് ടിഎംടി കേരളത്തിലെ സാന്നിധ്യം വർധിപ്പിക്കുന്നതിന്റെ ഭാഗമായി പ്രാദേശിക വിപണിയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായാണ് ലാബ് ഓൺ വീൽസ് നടപ്പാക്കിയതെന്ന് പുൾകിറ്റ് ടിഎംടി ഡയറക്ടർ ഭരത് ഗാർഗ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.പുൾകിറ്റ് 550 ഡി, 550 ഡി സി ആർ എസ് തുടങ്ങിയ ഉയർന്ന ഗുണമേന്മയുള്ള ടിഎംടി ബാറുകൾ പുൾകിറ്റ് വിപണിയിലെത്തിച്ചിട്ടുണ്ട്. കരുത്തുറ്റതും കൂടുതൽ ഈട് നിൽക്കുന്നതും വേഗം തുരുമ്പെടുക്കാത്തതുമാണ് പുൾകിറ്റ് ടിഎംടി ബാറുകൾ. പുൾകിറ്റ് 550 ഡി വ്യത്യസ്ത നിർമാണങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന പ്രീമിയം ബാറുകളാണ്. തീരപ്രദേശങ്ങൾ ഏറെയുള്ള കേരളത്തിൽ കോൺക്രീറ്റ് നിർമ്മിതകളെ കടൽക്കാറ്റ്, ഹ്യുമിഡിറ്റി, ഉപ്പ്വെള്ളം, ഭൂഗർഭ മണ്ണ്, വാതക ഉദ്‌വമനം തുടങ്ങിയവയിൽ നിന്ന് പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ് പുൾകിറ്റ് 550 ഡി സി ആർഎസ് ബാറുകൾ. പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളായ ഇവയ്ക്ക് രണ്ടിനും ഗ്രീൻപ്രോ സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്.ആന്ധ്രയിലെ കാളഹസ്തിയിലെ പുതിയ ഫാക്ടറിയിലാണ് പുൾകിറ്റ് ഉത്പാദന കേന്ദ്രം പ്രവർത്തിക്കുന്നത്. ദക്ഷിണേന്ത്യയിലുടനീളം ശൃംഖല വർധിപ്പിക്കാനാണ് പുൾകിറ്റ് ലക്ഷ്യമിടുന്നത്. 8115612345 എന്ന നമ്പറിലും പുൾകിറ്റ് ഡീലർ ഷോപ്പുകളിലും ലാബ് ഓൺ വീൽസ് സേവനം ലഭ്യമാകും.ഡിജിഎം (ഓപ്പറേഷൻസ്) ദീപ ജി മേനോൻ, എജിഎം (മാർക്കറ്റിങ്) റൂബൻ ചെറി മാമൻ, മാർക്കറ്റിങ് ഡയറക്ടർ രാഹുൽ ജെയിൻ, പബ്ലിക് റിലേഷൻസ് മാനേജർ രാധാകൃഷ്ണൻ നായർ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ഐടിഐ എഎംസി മിഡ് ക്യാപ് ഫണ്ട് ആരംഭിക്കുന്നു

**കൊച്ചി:** ഐടിഐ അസറ്റ് മാനേജ്മെന്റ് കമ്പനി ലിമിറ്റഡ് (ഐടിഐ എഎംസി) ഐടിഐ ലാർജ് ആന്റ് മിഡ് ക്യാപ് ഫണ്ട് ആരംഭം പ്രഖ്യാപിച്ചു. ഇകിറ്റി, ഇകിറ്റി സംബന്ധിയായ സെക്യൂരിറ്റികളിൽ ഏർപ്പെട്ടിരിക്കുന്ന മികച്ച 250 കമ്പനികളിൽ നിക്ഷേപിക്കുന്ന ഒരു ഓപ്പൺഎൻഡ് സ്കീമാണ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത്. സ്കീം 2024 ഓഗസ്റ്റ് 21ന് സബ്സ്ക്രിപ്ഷനായി തുറക്കുകയും 2024 സെപ്റ്റംബർ 4ന് അവസാനിക്കുകയും ചെയ്യുമെന്ന് ഐടിഐ എഎംസിയിലെ ഫണ്ട് മാനേജർ വിശാൽ ജാജൂ പറഞ്ഞു.ഈ മേഖലയിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന കമ്പനികളിൽ നിക്ഷേപം നടത്തി ദീർഘകാല മൂലധന വളർച്ച വാഗ്ദാനം ചെയ്യാനും നിക്ഷേപകർക്ക് വൈവിധ്യവൽക്കരണത്തിലേക്കും മൂലധന വിലമതിപ്പിലേക്കും വഴിയൊരുക്കാനും എംഎഫ് സ്കീം ലക്ഷ്യമിടുന്നു. 13 വർഷത്തിലേറെയായി ഐടിഐ മ്യൂചൽ ഫണ്ടുമായി ബന്ധമുള്ളവരും വിപണിയെക്കുറിച്ച് ആഴത്തിലുള്ള ഉൾക്കാഴ്ചയുള്ളവരുമായ ഇകിറ്റി ഫണ്ട് മാനേജർമാരായ ശ്രീ വിശാൽ ജാജൂവും ശ്രീ രോഹൻ കോർഡെയുമാണ് ഫണ്ട് കൈകാര്യം ചെയ്യുന്നത്.സ്കീമിന്റെ ഏറ്റവും കുറഞ്ഞ അപേക്ഷാ തുക 5,000 രൂപയാണ്. അതേസമയം നിക്ഷേപകർക്ക് സിസ്റ്റമാറ്റിക് ഇൻവെസ്റ്റ്മെന്റ് പ്ലാൻ വഴി കുറഞ്ഞത് 500 രൂപയ്ക്ക് നിക്ഷേപിക്കാം. സ്കീമിന് എൻട്രി ലോഡ് ചാർജുകളൊന്നും ഉണ്ടാകില്ല. അതേസമയം യൂണിറ്റുകൾ അനുവദിച്ച തീയതി മുതൽ 3 മാസം പൂർത്തിയാകുന്നതിന് മുമ്പ് യൂണിറ്റുകൾ വീണ്ടെടുക്കുകയോ സ്വിച്ച് ഔട്ട് ചെയ്യുകയോ ചെയ്താൽ 0.5% എക്സിറ്റ് ലോഡ് നിക്ഷേപകരിൽ നിന്ന് ഈടാക്കും.

# ടി ആർ ദേവന് അന്ന ശ്രേഷ്ഠ പുരസ്ക്കാരം

**എളങ്കുന്നപ്പുഴ** :കാട്ടുങ്കൽ ക്ഷേത്രം ട്രസ്റ്റ് ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് ഉണ്ണിയൂട്ടിന്റെ സ്മരണാർത്ഥം നൽകി വരുന്ന അഞ്ചാമത് അന്ന ശ്രേഷ്ഠ പുരസ്ക്കാരം ഫേസ് ഫൗണ്ടേഷൻ പ്രസിഡന്റ് ടി. ആർ ദേവന്.

ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് കാട്ടുങ്കൽ ക്ഷേത്രത്തിൽ വെച്ച് നടന്ന ഉണ്ണിയൂട്ട് ചടങ്ങിൽ ഗുരുവായൂർ മേൽശാന്തി ആയിരുന്ന എഴിക്കോട് ശശി നമ്പൂതിരി അവാർഡ് സമർപ്പിച്ചു, ക്ഷേത്രം മേൽശാന്തി ഓംകാരം ശാന്തി അവാർഡ് ജേതാവിനെ ആദരിച്ചു. ക്ഷേത്ര ക്ഷേമ സമിതി സെക്രട്ടറി നന്ദകുമാർ അദ്ധ്യക്ഷത വഹിച്ചു. വിശ്വഹിന്ദു പരിഷത്ത് മുൻവർക്കിംഗ് പ്രസിഡന്റ് എൻ.ബി വിജയകുമാർ മുഖ്യാഥിതി ആയിരുന്നു. ഞാറക്കൽ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ടിറ്റോ ആന്റണി മുഖ്യപ്രഭാഷണം നടത്തി.

# നാടിന് കാവലാളാകാൻ പോലിനൊപ്പം റസിഡൻസ് അസോസിയേഷനുകളും

**ആലുവ:** നാടിന് കാവലാളാകാൻ പോലീസിനൊപ്പം റസിഡൻസ് അസോസിയേഷനുകളും പങ്ക് ചേരുന്നു. ഇതിന്റെ ഭാഗമായി ആരംഭിച്ച സേഫ് 2024 ആലുവയിൽ ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേന ഉദ്ഘാടനം ചെയ്തു. ആദ്യമായി ആലുവ സബ്ഡിവിഷനിലെ റസിഡൻസ് അസോസിയേഷൻ പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വിശാലമായ മീറ്റിംഗാണ് 'ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ നടന്നത്. അഡിഷണൽ എസ് പി എം.കൃഷ്ണൻ ,ആലുവ ഡി വൈ എസ് പി റ്റി.ആർ.രാജേഷ്, സ്പെഷ്യൽ ബ്രാഞ്ച് ഡി വൈ എസ് പി വി.എസ്.നവാസ്, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ എന്നിവർ സംസാരിച്ചു. ആലുവ സബ് ഡിവിഷൻ ഉൾപ്പെടുന്ന പ്രദേശത്തെ റസിഡൻസ് അസോസിയേഷനുകളിലെ 200 ഓളം പ്രതിനിധികൾ പങ്കെടുത്തു. ആലുവ സബ് ഡിവിഷനിലെ ആലുവ ഈസ്റ്റ്, ആലുവ വെസ്റ്റ്, ബിനാനിപുരം, എടത്തല , അങ്കമാലി, ചെങ്ങമനാട് , നെടുമ്പാശ്ശേരി എന്നീ പോലീസ് സ്റ്റേഷനുകളിലെ എസ് എച്ച് മാരും സി ആർ ഒ മാരും പങ്കെടുത്തു. റസിഡൻസ് അസോസിയേഷനുകളുടെ സഹകരണത്തോടെ അതാത് പ്രദേശത്തെ സുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കാൻതീരുമാനിച്ചു. എല്ലാ റസിഡൻസ് അസോസിയേഷൻ അംഗങ്ങളെയും ഉൾപ്പെടുത്തി പോലീസ് സ്റ്റേഷൻ തലത്തിൽ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കുന്നതിനും, മാസത്തിൽ ഒരിക്കൽ പോലീസ് സ്റ്റേഷൻ തലത്തിലും, മൂന്നു മാസത്തിലൊരിക്കൽ സബ് ഡിവിഷൻ തലത്തിലും മീറ്റിങ്ങ് നടത്തുന്നതിനും തീരുമാനിച്ചു.




# പിരമൽ ഫിനാൻസ് സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ സഹകരണം

**കൊച്ചി:** വായ്പകൾ നൽകുന്ന രംഗത്തു സഹകരിക്കാനായി പിരമൽ ഫിനാൻസും സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയും തന്ത്രപരമായ ധാരണയിലെത്തി. ഗ്രാമീണ മേഖലകളിലും ചെറിയ പട്ടണങ്ങളിലും ഇടത്തരംതാഴ്ന്ന വരുമാനക്കാർക്ക് വായ്പകൾ ലഭ്യമാക്കുന്നതിലാവും ഇതു സഹായകമാകുക.പിരമൽ ഫിനാൻസിൻറെ ഹൈ ടെക് പ്ലസ് ഹൈ ടച്ച് സംവിധാനവും 26 സംസ്ഥാനങ്ങളിലെ 600 ജില്ലകളിലായുള്ള 500ൽ പരം ശാഖകളുടെ ശൃംഖലയും പ്രയോജനപ്പടുത്തി കുറഞ്ഞ പലിശ നിരക്കുകളും ഉപഭോക്താക്കൾക്ക് പ്രയോജനകരമായ വായ്പാ സംവിധാനങ്ങളും ഈ പങ്കാളിത്തത്തിലൂടെ ലഭ്യമാക്കും. ഇപ്പോൾ സേവനം ലഭ്യമല്ലാത്ത മേഖലകളിൽ ഔപചാരിക വായ്പാ സേവനങ്ങൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഈ സഹകരണത്തിലൂടെ വ്യക്തമാകുന്നതെന്ന് പിരമൽ കാപിറ്റൽ ആൻറ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ജയറാം ശ്രീധരൻ പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# സ്മൈൽ പേയുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** കടയിൽ നിന്ന് സാധനങ്ങൾ വാങ്ങിയതിന്റെ തുക ഒരു പുഞ്ചിരിയിലൂടെ അടയ്ക്കാൻ വഴിയൊരുക്കുന്ന സ്മൈൽ പേയ്ക്ക് ഫെഡറൽ ബാങ്ക് തുടക്കം കുറിച്ചു. ഇന്ത്യയിലെ ആദ്യ ഫേഷ്യൽ റെക്കഗ്നിഷൻ പെയ്മെന്റ് സംവിധാനമാണ് ഭീം ആധാർ പേയിൽ അധിഷ്ഠിതമായ സ്മൈൽ പേ. റിലയൻസ് റീട്ടെയിൽ, സ്വതന്ത്ര മൈക്രോ ഫിനാൻസ് എന്നിവയുടെ തെരഞ്ഞെടുത്ത ബ്രാഞ്ചുകളിലും ഔട്ട്ലെറ്റുകളിലുമാണ് സ്മൈൽ പേ തുടക്കത്തിൽ ലഭ്യമാക്കിയിട്ടുള്ളത്.

മുംബൈയിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ വച്ച് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ സ്മൈൽ പേ പുറത്തിറക്കി. രാജ്യം സ്വാതന്ത്ര്യം നേടിയതിന്റെ 78ാം വർഷം ആഘോഷിക്കുമ്പോൾ രാജ്യത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റേയും സൗകര്യത്തിന്റേയും കാര്യത്തിൽ നിർണായക നാഴികക്കല്ലാണ് വിപ്ലവാത്മകമായ ഈ പദ്ധതി. സ്മൈൽ പേ എന്നത് വെറുമൊരു ഉൽപന്നത്തിനപ്പുറം കൂടുതൽ ഫലപ്രദമായ സാമ്പത്തിക സംവിധാനങ്ങൾ നൽകുന്ന പാതയിലേക്കുള്ള ചുവടുവെപ്പു കൂടിയാണെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. ഇടപാടുകാരുടെ ബാങ്കിങ് അനുഭവങ്ങളെ ഈ സാങ്കേതികവിദ്യ എങ്ങനെയാണു മാറ്റുകയെന്നു കാണാൻ ഞങ്ങൾക്ക് ആവേശമുണ്ടെന്നും ശാലിനി വാര്യർ കൂട്ടിച്ചേർത്തു .



പണം, കാർഡ്, മൊബൈൽ എന്നിവ ഇല്ലെങ്കിൽപ്പോലും പേയ്മെന്റ് നടത്താനുള്ള സൗകര്യമാണ് സ്മൈൽ പേ ഒരുക്കുന്നത്. ഫലപ്രദമായി തിരക്കു നിയന്ത്രിക്കാനും കൗണ്ടറുകളിൽ സുഗമമായ ഇടപാടുകൾ സാധ്യമാക്കാനും ഇത് ഇടപാടുകാരെ സഹായിക്കും. യുഐഡിഎഐ ഫെയ്സ് റെക്കഗ്നിഷൻ സേവനം വഴി സുരക്ഷിതവും വിശ്വസനീയവുമായ സേവനം ഉറപ്പാക്കാൻ സാധിക്കുന്നതാണ്.തുടക്കത്തിൽ ഫെഡറൽ ബാങ്ക് ഇടപാടുകാർക്കു മാത്രമാണ് സ്മൈൽ പേ ലഭ്യമാവുന്നത്.

കച്ചവടക്കാർക്കും ഇടപാടുകാർക്കും ഫെഡറൽ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. സമീപ ഭാവിയിൽ പങ്കാളിത്തങ്ങൾ വിപുലമാക്കി കൂടുതൽ മേഖലകളിലേക്കു സേവനം വ്യാപിപ്പിക്കാൻ ഫെഡറൽ ബാങ്ക് ഉദ്ദേശിക്കുന്നുണ്ട്.

# തിമിംഗലസ്രാവ് സംരക്ഷണം: പൊതുജന പിന്തുണ തേടി സിഎംഎഫ്ആർഐ

**കൊച്ചി:** ഇന്ന് ലോക തിമിംഗലസ്രാവ് ദിനം. സൗമ്യനായ ഭീമമത്സ്യം എന്നറിയപ്പെടുന്ന ഇവ വംശനാശനാശ ഭീഷണിയിലാണ്. ഏറ്റവും വലിയ മത്സ്യമായ തിമിംഗലസ്രാവിന്റെ സംരക്ഷണത്തിന് പൊതുജന പിന്തുണ തേടുകയാണ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ബോധവൽകരണത്തിലൂടെ ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തുകയാണ് ലക്ഷ്യം. സ്രാവിനരണ്ടിയിന സംരക്ഷണവുമായി ബന്ധപ്പെട്ട് സിഎംഎഫ്ആർഐ നടത്തിവരുന്ന ഗവേഷണ പദ്ധതിക്ക് കീഴിലാണ് ബോധവൽകരണം.കടലിലെ ഘടനയിലും പ്രതിഭാസങ്ങളിലും അടുത്തിടെ വന്ന വ്യത്യാസങ്ങൾ തിമിംഗലസ്രാവുകളെ സാരമായി ബാധിക്കുന്നുണ്ട്. വർധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യം, ഉപയോഗശൂന്യമായ വലകൾ, കാലാവസ്ഥാവ്യതിയാനം, കടലിലെ വർധിച്ചുവരുന്ന ചരക്കുനീക്കം സഞ്ചാരപാതകൾ എന്നിവ പലപ്പോഴും ഇവകൾക്ക് ഭീഷണിയാകുന്നുണ്ടെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് പറഞ്ഞു.

**ഇന്ന് ലോക തിമിംഗലസ്രാവ് ദിനം**



മത്സ്യത്തൊഴിലാളികൾക്കിടയിൽ കഴിഞ്ഞ കുറച്ചുവർഷങ്ങളായി നടത്തിയ നിരന്തരമായ ബോധവൽകരണം ഫലം കാണുന്നുണ്ട്. ഇതിനെ തുടർന്ന്, വലയിൽ കുടുങ്ങുന്ന തിമിംഗലസ്രാവുകളെ തിരിച്ചു കടലിൽ തുറന്നുവിടുന്ന രീതി വ്യാപകമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.വന്യജീവി സംരക്ഷണ നിയമപ്രകാരം ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ട ഇവയെ പിടിക്കുന്നതും വിപണനം നടത്തുന്നതും കുറ്റകരമാണ്. പരമാവധി 21 മീറ്റർ വരെ വലിപ്പവും 42 ടൺ വരെ ഭാരവും കൈവരിക്കും. പക്ഷെ, നിരുപദ്രവകാരിയാണ്. ബോധവൽകരണം ലക്ഷ്യമിട്ട്, ഇത്തവണത്തെ ലോക തിമിംഗലസ്രാവ് ദിനം സിഎംഎഫ്ആർഐ വൈപ്പിൻ ഗവൺമെന്റ് യു പി സ്കൂൾ വിദ്യാർത്ഥികൾക്കൊപ്പം ആചരിക്കും. ഈ സ്രാവിന്റെ പ്രത്യേകതകൾ പരിചയപ്പെടുത്തുന്ന ബോധവൽകരണ ക്ലാസ്സുകൾ, പ്രശ്നോത്തരി, ചിത്രരചനപ്രസംഗ മത്സരം എന്നിവ സംഘടിപ്പിക്കും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ ടി എം നജ്മുദ്ധീൻ, സയന്റിസ്റ്റുമാരായ ഡോ ലിവി വിൽസൻ, ഡോ രമ്യ എൽ എന്നിവർ നേതൃത്വം നൽകും.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സിഎംഎഫ്ആർഐയുടെ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലും ബോധവൽകരണ പരിപാടികൾ നടക്കുന്നുണ്ട്.

# പാലിയം ഇന്ത്യയുമായി കൈകോർത്ത് ആലപ്പി റിപ്പിൾസ്

**ആലപ്പുഴ:** സാന്ത്വന പരിചരണ മേഖലയിലെ പ്രമുഖരായ പാലിയം ഇന്ത്യയുമായി കൈകോർത്ത് പ്രവർത്തിക്കാൻ കേരള ക്രിക്കറ്റ് ലീഗ് ടീം ആലപ്പി റിപ്പിൾസ്. പാലിയത്തിനായുള്ള ധനസമാഹരണത്തിനും ബോധവൽക്കരണത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ആലപ്പി റിപ്പിൾസ് ഭാഗമാകും. തുടക്കമെന്ന നിലയിൽ, ടീം 5 ലക്ഷം രൂപ പാലിയം ഇന്ത്യയ്ക്കായി സംഭാവന നൽകും.

ഇതിന്റെ ഭാഗമായി, കേരള ക്രിക്കറ്റ് ലീഗിലെ ആലപ്പി റിപ്പിൾസിന്റെ ഒരു മത്സരത്തിൽ പാലിയം ഇന്ത്യയെ പ്രധിനിധികരിക്കുന്ന പ്രേത്യേക ജേഴ്സി ധരിക്കും.ഡോ. എം. ആർ. രാജഗോപാൽ സ്ഥാപകനും ചെയർമാനുമായിട്ടുള്ള പാലിയം ഇന്ത്യ രാജ്യത്തുടനീളം രോഗികൾക്ക് ഗുണമേന്മയുള്ള സാന്ത്വന പരിചരണവും ഫലപ്രദമായ വേദന ആശ്വാസവും നൽകുന്നതിന് ലക്ഷ്യമിട്ട് 2003ൽ രൂപീകരിച്ച ചാരിറ്റബിൾ ട്രസ്റ്റാണ്.

പാലിയം ഇന്ത്യയ്ക്കായുള്ള ധനസമാഹരണം മിലാപ്പ് ഫണ്ട് റൈസിംഗ് വഴിയായിരിക്കും ആലപ്പി റിപ്പിൾസ് നടത്തുന്നത്.

# ഭാരത് ബിൽ പേ ഫോർ ബിസിനസും യുപിഐ സർക്കിളും അവതരിപ്പിച്ചു

**കൊച്ചി:** നാഷണൽ പെയ്മെൻറ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പുതിയ രണ്ടു പദ്ധതികളായ ഭാരത് ബിൽ പേ ഫോർ ബിസിനസും യുപിഐ സർക്കിളും ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിവൽ 2024ൽ വെച്ച് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്തദാസ് പുറത്തിറക്കി. കൂടുതൽ പേരെ ഡിജിറ്റൽ പെയ്മെൻറ് സംവിധാനങ്ങളിലേക്ക് എത്തിക്കുക, സുരക്ഷയും കാര്യക്ഷമതയും വർധിപ്പിക്കുക എന്ന ലക്ഷ്യവുമായാണ് പുതിയ സേവനങ്ങൾ. വിവിധ ഇആർപികൾക്കിടയിലും അക്കൗണ്ടിങ് സംവിധാനങ്ങൾക്കിടയിലും ബിസിനസ് ടു ബിസിനസ് ഇടപാടുകൾ സുഗമമാക്കുന്നതിനാണ് ഭാരത് ബിൽ പേ ഫോർ ബിസിനസ്. ഉപയോക്താക്കൾക്ക് ഡിജിറ്റൽ പെയ്മെൻറുകൾ ഡെലിഗേറ്റു ചെയ്യാൻ സൗകര്യമൊരുക്കുന്നതാണ് യുപിഐ സർക്കിൾ. യുപിഐ സർക്കിൾ പ്രകാരം ഒരു യുപിഐ ഉപയോക്താവ് പ്രാഥമിക ഉപയോക്താവുകയും യുപിഐ ആപ്പിൽ വിശ്വസനീയ സെക്കണ്ടറി ഇടപാടുകാരെ ലിങ്കു ചെയ്യുകയും ചെയ്യും. യുപിഐ ഇടപാടുകൾ നടത്താൻ ഇങ്ങനെയുള്ള സെക്കണ്ടറി ഇടപാടുകാർക്കു സാധിക്കും. ഇതിനു പരിധികളും നിശ്ചയിക്കാം. അഞ്ച് സെക്കണ്ടറി ഇടപാടുകാരെ വരെ ഇങ്ങനെ ഡെലിഗേറ്റു ചെയ്യാം. ഇവർക്ക് പ്രതിമാസം 15,000 രൂപ എന്ന പരിധിയും ഉണ്ടാകും.

# ഫണ്ടിംഗ് നേടി അപ്പർകേസ്

**മുംബൈ:** ലഗേജ് ബ്രാൻഡായ അപ്പർകേസ് ആഗോള വെഞ്ചർ ക്യാപിറ്റൽ സ്ഥാപനമായ എക്സൽ നയിക്കുന്ന സീരീസ് ബി റൗണ്ടിൽ ഒമ്പതു മില്യൺ ഡോളറിന്റെ ഫണ്ടിംഗ് നേടി. നിലവിൽ ലഭിച്ചിരിക്കുന്ന ധനസഹായം ബിസിനസ് വിപുലീകരിക്കാനും ബ്രാൻഡിന് ഇന്ത്യയിലുടനീളം ഉപയോക്തൃ അടിത്തറ വർധിപ്പിക്കാനും സഹായകമാകുമെന്ന് അപ്പർകേസ് സ്ഥാപകനും മാനേജിംഗ് ഡയറക്ടറുമായ സുദീപ് ഘോഷ് പറഞ്ഞു.

# വിപുലീകരിച്ച് മാക്സ് ലൈഫ്

**കൊച്ചി:** ദക്ഷിണേന്ത്യൻ നഗരങ്ങളിൽ 22 പുതിയ ഓഫീസുകൾ കൂട്ടിച്ചേർത്തുകൊണ്ട് വിതരണ രംഗം വിപുലീകരിക്കുന്നതിനു 'ആരോഹൻ' സംരംഭം ആരംഭിച്ച് മാക്സ് ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്. ഉപഭോക്തൃ കേന്ദ്രീകൃത ഇൻഷുറൻസ് ബോധവൽക്കരണ പരിപാടികളിലൂടെയും ലൈഫ് അഡ്വൈസർ റിക്രൂട്ട്മെന്റുകളിലൂടെയും ഈ വിപണികളിൽ സാന്നിധ്യം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇത്തരം പ്രാദേശിക ലൈഫ് ഉപദേഷ്ടാക്കളിലൂടെ ലൈഫ് ഇൻഷുറൻസ് സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കാനാണ് ഉദ്ദേശം. മാക്സ് ലൈഫിന്റെ 'ഡിജിസാർത്തി' പദ്ധതിയിലൂടെ, ആരോഹന്റെ കീഴിൽ പുതിയ 22 ശാഖകളും 100% ഡിജിറ്റലാക്കുക എന്നതും ലക്ഷ്യമാണ്. 2047ഓടെ എല്ലാവർക്കും ഇൻഷുറൻസ് എന്ന ഐആർഡിഎഐയുടെ കാഴ്ചപ്പാടുമായി ഈ സംരംഭം യോജിക്കുന്നുവെന്ന് മാക്സ് ലൈഫ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫീസർ സുമിത് മദൻ പറഞ്ഞു.

# യെസ് ബാങ്കിന് 20.8 ശതമാനം നിക്ഷേപ വളർച്ച

**കോഴിക്കോട്:** സ്വകാര്യ ബാങ്കായ യെസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ നിക്ഷേപങ്ങളുടെ കാര്യത്തിൽ 20.8 ശതമാനം വാർഷിക വളർച്ച. ഇതോടെ നിക്ഷേപങ്ങൾ 2,65,072 കോടി രൂപയിലെത്തി.

ബാങ്കിന്റെ കറന്റ് സേവിങ്സ് അക്കൗണ്ട് അനുപാതം മുൻ വർഷം ആദ്യ ത്രൈമാസത്തിലെ 29.4 ശതമാനത്തെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ ത്രൈമാസത്തിൽ 30.8 ശതമാനമായി ഉയർന്നിട്ടുണ്ട്. 202324 സാമ്പത്തിക വർഷത്തിൽ 17 ലക്ഷത്തോളം പുതിയ കറന്റ് സേവിങ്സ് അക്കൗണ്ടുകളാണ് ബാങ്ക് പുതുതായി ആരംഭിച്ചത്.

കറന്റ് സേവിങ്സ് അക്കൗണ്ടുകൾ കൂടുതലുള്ള ക്ലസ്റ്ററുകളിൽ 133 പുതിയ ബ്രാഞ്ചുകളാണ് യെസ് ബാങ്ക് 202324 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്.വായ്പകൾക്കുള്ള ആവശ്യം വർധിച്ചു വരുന്നതിന് അനുസൃതമായി നിക്ഷേപവും വളർത്തുക എന്ന വെല്ലുവിളി ബാങ്കുകൾ നേരിടുന്ന പശ്ചാത്തലത്തിൽ കൂടിയാണ് ഈ മേഖലയിലെ ശരാശരിയേയും മറികടക്കുന്ന യെസ് ബാങ്കിന്റെ നേട്ടം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ദുരന്തങ്ങൾ സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ് അനിവാര്യം



**ഡോ. ലിഷ പി ബാലൻ**
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ്, കൊച്ചി

അപകടങ്ങളും ദുരന്തങ്ങളും സംഭവിക്കുമ്പോൾ അതിനിരയാകുന്നവർക്ക് ശാരീരികമായ പിന്തുണ നൽകുന്നതിനുള്ള ഫസ്റ്റ് എയ്ഡിലായിരിക്കും എല്ലാവരുടെയും ശ്രദ്ധ. എന്നാൽ ഇത്തരം സംഭവങ്ങൾ കാരണമുണ്ടാകുന്ന മാനസികാഘാതവും വളരെ വലുതായിരിക്കും. ഇങ്ങനെ മനസ്സിനേൽക്കുന്ന ആഘാതത്തെ തുടക്കത്തിലേ കൈകാര്യം ചെയ്യുന്നതിന് 'സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡ്' ആവശ്യമാണ്. ദുരന്തങ്ങളിൽപ്പെട്ടവർക്കും അതിജീവിച്ചവർക്കും മാനസികവും വൈകാരികവുമായ പിന്തുണ നൽകാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇത്തരം സന്ദർഭങ്ങളിൽ അവരെ മനസ്സിലാക്കാനും ആശ്വസിപ്പിക്കാനും പിന്തുണ നൽകാനും കഴിയുന്നവർ ചുറ്റിലുമുണ്ട് എന്ന തിരിച്ചറിവ് വളരെ നിർണായകമാണ്. മാനസികപിന്തുണ വാഗ്ദാനം ചെയ്യുന്നവർ, അത് തേടുന്നവർ അർഹിക്കുന്ന ബഹുമാനം നൽകുകയും അവരുടെ വ്യക്തിപരമായ കാര്യങ്ങളിലേക്ക് അനുവാദമില്ലാതെ ചൂഴ്ന്നിറങ്ങുന്നില്ലെന്നും ഉറപ്പാക്കണം. മനസിനേറ്റ മുറിവുകൾക്ക് ആശ്വാസം കണ്ടെത്താനുള്ള ഈ യാത്രയിൽ അവർ ആദരിക്കപ്പെടുമെന്നും സുരക്ഷിതരായിരിക്കുമെന്നും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്.



## എന്താണ് പി. റ്റി. എസ്. ഡി?

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിന് ശേഷം സോഷ്യൽ മീഡിയയിൽ ഏറ്റവുമധികം ചർച്ചയായ ഒരു വിഷയമാണ് പോസ്റ്റ് ട്രോമാറ്റിക് സ്ട്രെസ് ഡിസോർഡർ അഥവാ പി.റ്റി.എസ്.ഡി. ശരീരത്തിനുണ്ടാകുന്ന പരിക്കുകൾ, മോശമായ അനുഭവങ്ങൾ, അപകടങ്ങൾ, അപ്രതീക്ഷിത സംഭവങ്ങൾ, ശാരീരികമായോ മാനസികമായോ നേരിടുന്ന അക്രമങ്ങൾ എന്നിവയുടെയെല്ലാം ഫലമായി ഒരു വ്യക്തിയുടെ മാനസികാരോഗ്യം മോശമാകാം. ഇത്തരം തിക്താനുഭവങ്ങൾ തുടർച്ചയായ ബുദ്ധിമുട്ടുകൾക്കും ശല്യപ്പെടുത്തുന്ന ചിന്തകൾ, ദുസ്വപ്നങ്ങൾ, അലട്ടുന്ന ഓർമകൾ എന്നിവയ്ക്കിടയാക്കുമ്പോൾ അത് പി.റ്റി.എസ്.ഡി ആയി മാറുന്നു. ട്രോമയ്ക്ക് ഇടയായ സംഭവം നടന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ പി.റ്റി.എസ്.ഡിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങാറുണ്ട്. പി.റ്റി.എസ്.ഡിയുള്ള വ്യക്തികൾക്ക് വല്ലാത്ത ഭയം അനുഭവപ്പെടും. അവരെ പിടിച്ചുലച്ച ആ സംഭവത്തെക്കുറിച്ച് സംസാരിക്കാൻ അവർ വിമുഖത കാണിക്കും. എന്നാൽ ദുസ്വപ്നങ്ങളുടെയും ഓർമകളുടെയും രൂപത്തിൽ ആ സംഭവങ്ങൾ അവരുടെ മനസ്സിലേക്ക് വന്നുകൊണ്ടിരിക്കുകയും ചെയ്യും. ഒരുമാസം വരെ ഇങ്ങനെ തുടരുമ്പോഴാണ് പി.റ്റി.എസ്.ഡിയാണെന്ന് ഒരു സൈക്കോളജിസ്റ്റ് സ്ഥിരീകരിക്കും. മൂന്ന് മാസത്തിനുള്ളിൽ പി.റ്റി.എസ്.ഡിയുടെ തീവ്രത കുറയേണ്ടതാണ്. അതിനുശേഷവും പി.റ്റി.എസ്.ഡി തുടരുകയാണെങ്കിൽ ദീർഘകാല കൗൺസലിംഗ് വേണ്ടിവരും.

## പി. റ്റി. എസ്. ഡി എങ്ങനെ കൈകാര്യം ചെയ്യണം?

ട്രോമയിലൂടെ കടന്നുപോകുന്ന വ്യക്തികൾക്ക് കൃത്യവും ചിട്ടയുമുള്ള മാനസികപിന്തുണ ആവശ്യമാണ്. വിദഗ്ധരായ സൈക്കോളജിസ്റ്റുകളുടെയും സൈക്കോതെറാപ്പിസ്റ്റുകളുടെയും ഇടപെടലാണ് അനിവാര്യം. ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ അനുസരിച്ചുള്ള വ്യക്തിഗത ശ്രദ്ധയും പരിചരണവും നല്കാൻ കഴിവുള്ളവരാണ് മാനസികാരോഗ്യ വിദഗ്ധർ. ഹ്രസ്വകാല കൗൺസലിംഗ് മുതൽ ദീർഘകാല ചികിത്സാപദ്ധതികൾ വരെ രൂപപ്പെടുത്തുന്നതിൽ മികവുള്ളവരെയാണ് ഇത്തരം ദുരന്തഘട്ടങ്ങളിൽ ആവശ്യം. സാധാരണഗതിയിൽ ഹ്രസ്വകാല തെറാപ്പി ആറോ എട്ടോ സെഷനുകൾ നീളാറുണ്ട്. എന്നാൽ കൗൺസലിംഗ് തേടുന്ന വ്യക്തിയുടെ ആവശ്യങ്ങൾക്കും സന്ദർഭത്തിനുമനുസരിച്ച് ഇരുപത് സെഷനുകൾ വരെ വേണ്ടിവരാറുണ്ട്. ഈ കൗൺസലിംഗ് രീതി ഒരു വർഷം വരെ നീളുന്നതാണ്.ഉറ്റവരുടെയോ ഉടയവരുടെയോ മരണം കാരണമുള്ള മാനസികവിഷമം അനുഭവിക്കുന്നവർക്ക് ആ വേദനകളിൽ നിന്നും ആശ്വാസം കണ്ടെത്താൻ പ്രത്യേക രീതിയിലുള്ള ഗ്രീഫ് തെറാപ്പി ഉപയോഗിക്കുന്നു. സാധാരണ 8 മുതൽ 12 സെഷനുകൾ വരെ നീണ്ടുനിൽക്കുന്ന തെറാപ്പിയാണിത്.

ദുഃഖകരമായ ഓർമ്മകൾ നിരന്തരം ഫ്ലാഷ്ബാക്കുകളായി ഓർമയിലേക്ക് വരുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ആശ്വാസം നല്കാൻ വികസിപ്പിച്ചെടുത്തുള്ള ഒരു തെറാപ്പി രീതിയാണ് ഇ.എം.ഡി.ആർ (ഐ മൂവ്മെന്റ് ഡിസെൻസിറ്റൈസേഷൻ ആൻഡ് റീപ്രോസസിംഗ്). ഇതിന് എട്ട് സെഷനുകൾ വരെ ആവശ്യമായി വരാറുണ്ട്. ചിലർക്ക് അവരുടെ വികാരങ്ങൾ സ്വതന്ത്ര്യമായി തുറന്നുവിടാനുള്ള ഒരു തുറന്ന ഇടമായിരിക്കും ആവശ്യം. അവരുടെ തോന്നലുകൾ കേട്ടിരിക്കാനും അവർക്ക് പിന്തുണ നൽകാനും കഴിയുന്ന ഒരു അന്തരീക്ഷമാണ് അവർ തേടുന്നത്.

പ്രാഥമിക തെറാപ്പി സെഷനുകൾ കഴിഞ്ഞ ശേഷമാണ് തുടർന്നുള്ള സെഷനുകൾ എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നത്. ഭാവിയിൽ ഉണ്ടാകാനിടയുള്ള വെല്ലുവിളികളെ നേരിടാൻ ആ വ്യക്തിയെ സഹായിക്കുകയാണ് ലക്ഷ്യം. അത്തരം സന്ദർഭങ്ങളുണ്ടാകുമ്പോൾ അതിനെ നേരിടാനാവശ്യമായ ഉപായങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കും. അവരുടെ വികാരങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നുണ്ട് എന്നുറപ്പാക്കാൻ ബൂസ്റ്റർ സെഷനുകളും വേണ്ടിവരാറുണ്ട്. ഏതാനും മാസങ്ങൾക്ക് ശേഷമായിരിക്കും ഇത്തരം സെഷനുകൾ ആസൂത്രണം ചെയ്യുക. പുതിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പഴയ ഓർമ്മകൾ വെല്ലുവിളികളായി മാറുന്നില്ലെന്ന് ഉറപ്പാക്കാൻ ഇത് സഹായിക്കും.

## ഭാവി പദ്ധതികൾ, മുന്നോട്ടുള്ള വഴികൾ

മാനസികാഘാതം നേരിടുന്ന വ്യക്തികൾക്ക് തെറാപ്പി നൽകുന്നവരും പല ബുദ്ധിമുട്ടുകളും നേരിടാറുണ്ട്. ആദ്യം സ്വന്തം വൈകാരിക പ്രതികരണങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ മറ്റുള്ളവരെ സഹായിക്കാൻ കഴിയൂ. മറ്റുള്ളവർക്ക് തെറാപ്പി നൽകുമ്പോൾ തെറാപ്പിസ്റ്റിന്റെ മാനസികാരോഗ്യത്തിനും വലിയ പങ്കാണുള്ളത്.



മാനസികാഘാതത്തിന്റെ തീവ്രത കുറഞ്ഞെന്ന് തോന്നിയാലും ഭാവിയിൽ പ്രശ്നങ്ങൾ വീണ്ടും ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ തുടർ സെഷനുകൾ വേണ്ടിവരാറുണ്ട്. മാനസികമായ പ്രഥമശുശ്രൂഷ, സവിശേഷ തെറാപ്പി സെഷനുകൾ, തുടർച്ചയായ പിന്തുണ, ആദരവ് എന്നിവയുൾപ്പെടുന്ന സമഗ്രമായ സൈക്കോളജിക്കൽ സമീപനമാണ് പി.റ്റി.എസ്.ഡി നേരിടുന്നവർക്ക് ആവശ്യമുള്ളത്. ചിട്ടയൊത്തതും കൃത്യവുമായ മാനസികാരോഗ്യ പരിചരണത്തിലൂടെ, മാനസികാഘാതത്തിലൂടെ കടന്നുപോകുന്നവർക്ക് അവരുടെ വൈകാരികശക്തി വീണ്ടെടുക്കാൻ സഹായിക്കാൻ ഞങ്ങൾക്ക് കഴിയും.



# ജൂനിയർ ബാഡ്മിന്റ ചാമ്പ്യൻഷിപ്പ്: ജോഫ്രാൻസിസും ദൃശ്യ വിജേഷും ജേതാക്കൾ

**കൊച്ചി:** കൊച്ചി രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ പിഎൻബി മെറ്റ്ലൈഫ് സംഘടിപ്പിച്ച ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ അണ്ടർ 17 വിഭാഗത്തിൽ ജോ ഫ്രാൻസിസും ദൃശ്യ വിജേഷും ജേതാക്കളായി. ആൺകുട്ടികളുടെ അണ്ടർ 17 വിഭാഗത്തിൽ ധാർമിക് ശ്രീകുമാറിനെയാണ് ജോ ഫ്രാൻസിസ് പരാജയപ്പെടുത്തിയത്. പെൺകുട്ടികളുടെ വിഭാഗത്തിൽ ദൃശ്യ വിജേഷ്, ശ്രേയ ശ്രീനിഷിനെ പരാജയപ്പെടുത്തി. ആൺകുട്ടികളുടെ സിംഗിൾസ് അണ്ടർ 15 വിഭാഗത്തിൽ ശബരി പ്രശാന്തിനെ പരാജയപ്പെടുത്തി വരുൺ എസ് നായർ വിജയിച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ സാൻവിയ കെ യെ പരാജയപ്പെടുത്തി അക്സ മേരി സിഎ വിജയിച്ചു. ആൺകുട്ടികളുടെ സിംഗിൾസ് അണ്ടർ 13 വിഭാഗത്തിൽ മാനവേദ് രതീശിഷിനെ പരാജയപ്പെടുത്തി ശിവ ഷൈൻ വിജയിച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ സാൻവിയ കെയെ പരാജയപ്പെടുത്തി ആഞ്ജലീന എലിസബത്ത് രാജു ജേതാവായി. ആൺകുട്ടികളുടെ സിംഗിൾസ് അണ്ടർ 11 വിഭാഗത്തിൽ ഹാദി ഹംദാനെ പരാജയപ്പെടുത്തി ഇഷാൻദേവ് ഐവത്തുക്കലും പെൺകുട്ടികളുടെ വിഭാഗത്തിൽ നിധി ബി നായരെ പരാജയപ്പെടുത്തി ദക്ഷിണ സിപിയും ജേതാക്കളായി. ആൺകുട്ടികളുടെ സിംഗിൾസ് അണ്ടർ 9 വിഭാഗത്തിൽ നവനീത് ഉദയനെ പരാജയപ്പെടുത്തി ആദം നൗജാസ് വിജയിച്ചു. പെൺകുട്ടികളുടെ വിഭാഗത്തിൽ നിവേദ്യ അജി, തൻവി സുഖേഷിനെ പരാജയപ്പെടുത്തി. ടൂർണമെന്റിന്റെ അടുത്ത ഘട്ടം ഓഗസ്റ്റ് 27ന് മുംബൈ അന്തേരി സ്പോർട്ട്സ് കോംപ്ലക്സിൽ ആരംഭിക്കും.വിജയികൾക്ക് സമാപന ചടങ്ങിൽ ഇസാഫ് ബാങ്ക് ബ്രാഞ്ച് ബാങ്കിംഗ് ഹെഡ് രജീഷ് കളപുരയിൽ, സി ജി എക്സിക്യൂട്ടീവ് ഇൻഷുറൻസ് മാനേജർ ആനി ഫെയ്ത്ത്, ലൈഫ് ഇൻഷുറൻസ് മാനേജർ സുമയ്യ ഹസ്സൻ, ലൈഫ് പോർട്ട്ഫോളിയോ മാനേജർ ജാക്സൺ ചാക്കോ, മുൻ ഇന്റർനാഷണൽ ബാഡ്മിന്റൺ താരം ജസീൽ ഇസ്മായിൽ, ആർ.എസ്.സി സെക്രട്ടറി അഡ്വ. എസ്.എ.എസ് നവാസ്, ഐആർഎസ് (റിട്ട.) എന്നിവർ ജെബിസി ട്രോഫി സമ്മാനിച്ചു.



# കേരളത്തെ മികച്ച രോഗശാന്തി ലക്ഷ്യസ്ഥാനമായി മാറ്റാൻ ശ്രമം വേണം

**കൊച്ചി:** ആധുനിക വൈദ്യശാസ്ത്രം, ആയുർവേദം, വിനോദസഞ്ചാരം എന്നിവയിലൂന്നി കേരളത്തെ ലോകത്തെ മികച്ച രോഗശാന്തി ലക്ഷ്യസ്ഥാനമായി മാറ്റുന്നതിന് വേണ്ടുന്ന ശ്രമങ്ങൾ നടത്തണമെന്ന് ആഗോള ആയുർവേദ ഉച്ചകോടിയും കേരള ഹെൽത്ത് കെയർ ടൂറിസവും ആവശ്യപ്പെട്ടു.ഉച്ചകോടിയുടെ ആദ്യ ദിനത്തിൽ വിവിധ സെഷനുകളെ അഭിസംബോധന ചെയ്ത സംസാരിച്ച വിദഗ്ധർ മെഡിക്കൽ സയൻസിലെ ഏറ്റവും പുതിയ സംഭവവികാസങ്ങളും തദ്ദേശീയവും പരമ്പരാഗതവുമായ വിജ്ഞാന സംവിധാനങ്ങളും സംയോജിപ്പിച്ച് ആരോഗ്യപരിപാലന മാനേജ്മെന്റിൽ സമഗ്രവും സംയോജിതവുമായ സമീപനത്തിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടി.സമഗ്രമായ ആരോഗ്യ പരിപാലന അന്തരീക്ഷം സുഗമമാക്കുന്നതിനുള്ള നയപരമായ സംരംഭങ്ങളിലാണ് സംസ്ഥാന സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉച്ചകോടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു കൊണ്ട് പറഞ്ഞു. ആയുഷ് മന്ത്രാലയം സെക്രട്ടറി രാജേഷ് കോടെച്ച മുഖ്യപ്രഭാഷണം നടത്തി.കേരളത്തിന്റെ ആരോഗ്യമേഖലയെക്കുറിച്ചുള്ള സിഐഐകെപിഎംജി റിപ്പോർട്ട് ഉദ്ഘാടന സെഷനിൽ പ്രകാശനം ചെയ്തു. ഡോ. എം.എസ്.വലിയത്താന്റെ സ്മരണാർഥം ഔഷധം മാസികയുടെ പ്രത്യേക പതിപ്പും സെഷനിൽ പ്രകാശനം ചെയ്തു.ആരോഗ്യ മന്ത്രി വീണാ ജോർജ്ജ്,റിപ്പബ്ലിക് ഓഫ് മാലിദ്വീപിലെ ആരോഗ്യ സഹമന്ത്രി അഹമ്മദ് ഗാസിം,സിഐഐ കേരള ചെയർമാൻ വിനോദ് മഞ്ഞില, സിഐഐ ഗ്ലോബൽ ആയുർവേദ സമ്മിറ്റ് ചെയർമാൻ ഡോ.എസ്.സജികുമാർ, സിഐഐ കേരള ആയുർവേദ പാനൽ കൺവീനറും കോട്ടക്കൽ ആര്യ വൈദ്യശാല ചീഫ് ഫിസിഷ്യനുമായ ഡോ.പി.എം.വാരിയർ, കെഇഎഫ് ഹോൾഡിംഗ്സ് സ്ഥാപകനും ചെയർമാനുമായ ഫൈസൽ ഇ കൊട്ടിക്കൊല്ലൻ, സിഐഐ ദേശീയ കോചെയർമാൻ, ആയുഷ്, അപ്പോളോ ആയുർവൈദ് ഹോസ്പിറ്റൽസ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ രാജീവ് വാസുദേവൻ, സിഐഐ സതേൺ റീജിയൻ ചെയർപേഴ്സൺ ഡോ. ആർ നന്ദിനി, സിഐഐ കേരള ഹെൽത്ത് കെയർ പാനൽ കോ കൺവീനറും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ എംഡി ഡോ. പി.വി ലൂയിസ്, ആയുർവേദ പാനൽ കോ കൺവീനറും വൈദ്യരത്നം ഔഷധശാല എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. യദു നാരായണൻ മൂസ്സ്, സിഐഐ ഡയറക്ടറും കേരള സ്റ്റേറ്റ് മേധാവിയുമായ ജയ്കൃഷ്ണൻ എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

# എ രാമചന്ദ്രൻെറ ജ്ഞാനസമ്പത്ത് തലമുറകൾക്ക് കൈമാറാൻ ലളിതകലാ അക്കാദമി



**കൊച്ചി:** അന്തരിച്ച വിഖ്യാത ചിത്രകാരൻ എ രാമചന്ദ്രൻെറ ജ്ഞാനസമ്പത്ത് തലമുറകളിലേക്ക് കൈമാറാനൊരുങ്ങി കേരള ലളിതകലാ അക്കാദമി. രാമചന്ദ്രന്റെ വിപുലമായ ഗ്രന്ഥശേഖരമടങ്ങുന്ന 'ധ്യാനചിത്ര: എ. രാമചന്ദ്രൻ വിഷ്വൽ കൾച്ചറൽ ലാബ്' ദർബാർ ഹാൾ കലാകേന്ദ്രത്തിൽ സെപ്റ്റംബർ ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

രാമചന്ദ്രന്റെ ശേഖരത്തിലുണ്ടായിരുന്ന നാലായിരത്തോളം പുസ്തകങ്ങളും അദ്ദേഹത്തിന് ലഭിച്ച പുരസ്കാരങ്ങളടക്കമുള്ള അമൂല്യ വസ്തുക്കളുമുൾപ്പെടുത്തിയാണ് വിഷ്വൽ കൾച്ചറൽ ലാബ് തയാറാക്കിയിരിക്കുന്നത്. രാമചന്ദ്രന്റെ കുടുംബമാണ് ഇവ അക്കാദമിക്ക് സംഭാവന ചെയ്തത്.രാമചന്ദ്രന്റെ കലയെയും കാഴ്ചപ്പാടുകളെയും കുറിച്ചുള്ള പഠനകേന്ദ്രമായാണ് ധ്യാനചിത്ര വിഭാവനം ചെയ്തിരിക്കുന്നതെന്ന് അക്കാദമി അദ്ധ്യക്ഷൻ മുരളി ചീരോത്ത്, സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ എന്നിവർ അറിയിച്ചു. ക്ലാസിക്കൽ ഇന്ത്യൻ കല, ഐക്കണോഗ്രഫി, ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിൻ അമേരിക്കൻ കലാപാരമ്പര്യങ്ങൾ തുടങ്ങിയ വൈവിധ്യമാർന്ന വിഷയങ്ങളിലുള്ള രാമചന്ദ്രന്റെ അഗാധമായ താൽപ്പര്യം വെളിപ്പെടുത്തുന്നതാണ് ഈ കലാപുസ്തക ശേഖരം. ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള കലാകാരരെക്കുറിച്ചുള്ള പഠനങ്ങളുടെയും മോണോഗ്രാഫുകളുടെയും ഒരു ശേഖരവും ഇതിലുൾപ്പെടുന്നു. രാമചന്ദ്രന്റെ തന്നെ തന്റെ സ്റ്റുഡിയോയിൽ രൂപകല്പന അതേ പുസ്തക ഷെൽഫുകളിൽ തന്നെയാണ് അക്കാദമിയിൽ പുസ്തകശേഖരമൊരുക്കിയിരിക്കുന്നത്. ഞായറാഴ്ച ഉച്ചക്ക് 12നു നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിക്കും. വ്യവസായ വകുപ് മന്ത്രി പി രാജീവ് മുഖ്യാതിഥിയായിരിക്കും.രാമചന്ദ്രന്റെ മക്കളായ രാഹുലും സുജാതയും ചടങ്ങിൽ പങ്കെടുക്കും.

